(സി) 2000-2001 അദ്ധ്യയന വർഷത്തിൽ പുതിയ ഏതെല്ലാം കോഴ്സുകൾ ഈ കോളേജിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് ?

ഉത്തരം

(എ) മണിമലക്കുന്ന് ഗവൺമെന്റ് കോളേജിനുവേണ്ടിയുള്ള മൂന്നു നില കെട്ടിടത്തിന്റെ വാർപ്പ് പൂർത്തിയായിട്ടുണ്ട്. ഈ പ്രവൃത്തി പൂർത്തിയാക്കേണ്ട കാലാവധി 31-8-2000 വരെ നീട്ടിക്കൊടുത്തിട്ടുള്ളതും ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പണി പൂർത്തിയാക്കുന്നതുമാണ്.

(ബി) പുതിയ പദ്ധതികളൊന്നും ഇല്ല.

(സി) 2000-2001-ൽ പുതിയ കോഴ്സുകൾക്കുള്ള അപേക്ഷ ലഭിക്കുമ്പോൾ അവ പരിശോധിച്ച് ഉചിതമായ നടപടി അപ്പോൾ സ്വീകരിക്കുന്നതാണ്.

നെടുമങ്ങാട് താലൂക്കിൽ സർക്കാർ ജീവനക്കാർക്കായി ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ്

97 (3738) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) നെടുമങ്ങാട് താലൂക്കിലെ നെട്ട എന്ന സ്ഥലത്ത് സർക്കാർ ജീവനക്കാർക്കായി ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് ചീഫ് എൻജിനീയർ (ബിൽഡിംഗ്സ്) എന്നാണ് സർക്കാരിന് സമർപ്പിച്ചത് ;

(ബി) എന്തു തുകയ്ക്കാണ് എസ്റ്റിമേറ്റ് സമർപ്പിച്ചത് ?

(സി) ഇതിനുള്ള അനുമതി നൽകിയിട്ടുണ്ടോ ;

(ഡി) ക്വാർട്ടേഴ്സ് പണിയുന്നതിന് ഭരണാനുമതി നൽകി പണി തുടങ്ങുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 18-6-1999-ന്

(ബി) 50 ലക്ഷം രൂപയ്ക്കുള്ള റഫ് കോസ്റ്റ് എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളത്.

(സി&ഡി) ഇല്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകി പണി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

പൊതുമരാമത്ത് വകുപ്പിലെ ഡിപ്പാർട്ട്മെന്റ് കോഡ് കാലോചിതമായി പരിഷ്ക്കരിക്കാൻ നടപടി

98 (3739) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിലെ ഡിപ്പാർട്ട്മെന്റ് കോഡ് കാലോചിതമായി പരിഷ്ക്കരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly